## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1877 — 11/02/2020 ൽ മറുപടിക്ക്

### ശബരിമലയിലെ യുവതീ പ്രവേശന സത്യവാങ്മൂലം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീമതിഷാനിമോൾ ഉസ്മാൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | പിണറായി വിജയൻ<br>(മുഖ്യ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | യുവതീ പ്രവേശനം സംബന്ധിച്ച വിധി അവസാന വാക്കല്ല എന്ന സുപ്രീംകോടതിയുടെ നിരീക്ഷണത്തിന്റെ വെളിച്ചത്തിൽ ശബരിമല ഭക്തരുടെ വികാരങ്ങൾ വ്രണപ്പെടുത്തുന്നതായി ആക്ഷേപമുള്ള നടപടികൾ സർക്കാർ ഒഴിവാക്കിയിരുന്നോ; | (എ) യും (ബി) യും | ശബരിമല യുവതീ പ്രവേശന വിധിയുടെ അടിസ്ഥാനത്തിൽ ഭക്തരുടെ വികാരങ്ങൾ വ്രണപ്പെടുത്തുന്ന തരത്തിലുള്ള യാതൊരു നടപടികളും സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല. |
| (ബി) | ശബരിമലയിലെ കോടാനുകോടി വരുന്ന ഭക്തരുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്നതിന് സർക്കാർ ഭാഗത്തുനിന്നുണ്ടായ നടപടി തെറ്റായിപ്പോയി എന്ന് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ; | | |
| (സി) | ശബരിമല വിഷയം കൂടുതൽ ജഡ്ജിമാർ ഉൾപ്പെട്ട ബെഞ്ചിന് മുമ്പിൽ പരിഗണനയ്ക്ക് വരുമ്പോൾ സർക്കാർ നൽകിയിരുന്ന സത്യവാങ്മൂലത്തിൽ മാറ്റം വരുത്തി പുതിയത് നൽകുന്ന കാര്യം പരിഗണിക്കുമോ? | (സി) | വിശാല ബഞ്ച് സർക്കാരിനോട് സത്യവാങ്മൂലമൊന്നും ആവശ്യപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ